നം - എൻ2/72/2018/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 21/08/2018
Email: scholarshipdpi@gmail.com
Phone No. 0471 – 2328438

# സർക്കുലർ-1

വിഷയം :- പൊതുവിദ്യാഭ്യാസം - അംഗപരിമിതരായ കുട്ടികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് 2018-19 ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നത്

സൂചന :- കേന്ദ്ര സർക്കാർ കത്ത് നമ്പർ F.3-6/2017/ SCH തീയതി. 03/07/2018

കേന്ദ്രസർക്കാർ ആവിഷ്കരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് വഴി നടപ്പാക്കിവരുന്ന **അംഗപരിമിതരായ കുട്ടികളുടെ 2018-19 വർഷത്തെ പ്രീ-മെട്രിക് സ്കോളർഷിപ്പിനായുള്ള അപേക്ഷകൾ** സൂചന പ്രകാരം ക്ഷണിച്ചിട്ടുണ്ട്. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (NSP-2.0) വഴി ഓൺലൈൻ ആയി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകൃത പ്രൈവറ്റ് സ്കൂളുകളിൽ **IX, X ക്ലാസ്സുകളിൽ പഠിക്കുന്ന 40% - ൽ കൂടുതൽ അംഗവൈകല്യം ഉള്ള കുട്ടികൾക്ക്** സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾ **www.disabilityaffairs.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്.

2011 ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ അംഗപരിമിതർക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പിന്റെ എണ്ണം 568 ആണ്. ആകെ സ്കോളർഷിപ്പുകളിൽ 50% പെൺകുട്ടികൾക്കായി മാറ്റി വച്ചിട്ടുണ്ട്.

## പൊതു നിർദ്ദേശങ്ങൾ

1. **www.scholarships.gov.in** എന്ന വെബ്സൈറ്റ് **(National Scholarship Portal)** വഴി ഓൺലൈൻ അപേക്ഷ നൽകാവുന്നതാണ്.
2. സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികൾ **New User – Register** ഓപ്ഷനിലൂടെ പുതിയ **Application ID** ലഭിച്ച ശേഷം **Fresh** അപേക്ഷ പൂരിപ്പിക്കേണ്ടതാണ്.
3. **Student Registration Form** ൽ വളരെ ശ്രദ്ധയോടെ ഓരോ കോളവും/എല്ലാ വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്. അപ്പോൾ കിട്ടുന്ന **Application ID** നഷ്ടപ്പെടാതെ എഴുതി സൂക്ഷിക്കേണ്ടതാണ്.
4. ഓൺലൈൻ അപേക്ഷകൾ അന്തിമമായി സമർപ്പിച്ചശേഷം, പ്രിന്റ് എടുത്ത് സൂക്ഷിക്കുക.
5. **എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകൃത പ്രൈവറ്റ് സ്കൂളുകളിലെയും പ്രഥമാധ്യാപകർ അംഗപരിമിതരായ കുട്ടികൾക്ക് (STD.IX, X) പ്രീ-മെട്രിക് സ്കോളർഷിപ്പ് ഓൺലൈൻ ആയി അപേക്ഷിക്കുന്നതിനും പുതുക്കുന്നതിനുള്ള എല്ലാ സഹായങ്ങളും നിർദ്ദേശങ്ങളും നൽകേണ്ടതാണ്.**
6. IX, X ക്ലാസ്സുകളിൽ റഗുലറായി പഠിക്കുന്ന 40% ത്തിൽ കൂടുതൽ അംഗവൈകല്യം ഉള്ള കുട്ടികൾക്കാണ് സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹതയുള്ളത്.
7. ഒരു കുടുംബത്തിലെ 2 കുട്ടികൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്.
8. ഒരു ക്ലാസ്സിൽ ഒരു വർഷം മാത്രമേ സ്കോളർഷിപ്പ് ലഭിക്കുകയുള്ളു. തോറ്റ ശേഷം അതേ ക്ലാസ്സിൽ പഠിക്കുന്ന കുട്ടിക്ക് വീണ്ടും സ്കോളർഷിപ്പിന് അർഹതയുണ്ടാവില്ല.
9. അംഗപരിമിതർക്കുള്ള സ്കോളർഷിപ്പ് ലഭിക്കുന്ന കുട്ടി മറ്റ് സ്കോളർഷിപ്പുകൾ വാങ്ങുവാൻ പാടുള്ളതല്ല.

10. അംഗപരിമിതർക്കായുള്ള സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടിയുടെ രക്ഷിതാവിന്റെ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ കവിയരുത്.

11. അപേക്ഷ സമർപ്പിക്കുമ്പോൾ കുട്ടികൾ നൽകുന്ന മൊബൈൽ നമ്പരും, ബാങ്ക് അക്കൗണ്ട് നമ്പരും, ഇടയ്ക്ക് വച്ച് മാറ്റാതിരിക്കുക.

12. അപേക്ഷകന്റെ പേരിലുള്ള ആധാർ നമ്പർ Bank Account Number, IFS Code എന്നിവ ശരിയായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ബാങ്ക് പാസ് ബുക്കിന്റെ പകർപ്പുമായി ഒത്തു നോക്കി ഉറപ്പ് വരുത്തേണ്ടതാണ്. Bank Account Number, IFS Code എന്നിവ തെറ്റായി രേഖപ്പെടുത്തിയാൽ സ്കോളർഷിപ്പ് തുക നഷ്ടപ്പെടാനിടയാകും.

13. സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികൾ അവരുടെ ആധാർ നമ്പർ ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്യേണ്ടതാണ്.

**ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി. 30/09/2018**

**കഴിഞ്ഞവർഷം അംഗപരിമിതർക്കുള്ള സ്കോളർഷിപ്പ് ലഭിച്ച കുട്ടികൾ (ഇപ്പോൾ 10-ാം ക്ലാസ്) സ്കോളർഷിപ്പ് പുതുക്കൽ (Renewal) അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

**കൂടുതൽ വിവരങ്ങൾക്ക് :**

- 0471-2580583
- 0471-2328438
- 9496304015 (Office)
- 9447990477

എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

JIMMY K. JOSE
Directorate of Public Instruction
Thiruvananthapuram-14

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

പകർപ്പ് - 1. എല്ലാ ഡി.ഡി.ഇ, ഡി.ഇ.ഒ, എ.ഇ.ഒ മാർക്കും
2. എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകൃത സ്കൂൾ പ്രഥമാധ്യാപകർക്കും